(ബി) ഉണ്ട്. ഗൾഫ് നാടുകളിൽ 16 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെയും ലക്ഷദ്വീപിൽ 9 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെയും 18 ഇൻവിജിലേറ്റർമാരേയും പരീക്ഷാ ജോലികൾക്കായി അയയ്ക്കാറുണ്ട്.

(സി) ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിന് 34 രൂപയും ഇൻവിജിലേറ്റർക്ക് 28 രൂപയും പ്രതിദിനം പ്രതിഫലമായി നൽകുന്നു.

(ഡി, ഇ ആന്റ് എഫ്) 21-2-2002-ലെ ജി.ഒ. (ആർ.റ്റി)4257/02/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് അവരെ തെരഞ്ഞെടുക്കുന്നത്. സീനിയോറിറ്റി, നിഷ്പക്ഷമായി പരീക്ഷാ ജോലി ചെയ്യുന്നതിലുള്ള വിശ്വസ്തത, ഉത്തരവാദിത്വബോധം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കാറുള്ളത്.

സ്കൂൾ കുട്ടികൾക്കായുള്ള പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി

*5 [491] ശ്രീ. എ. സി. മൊയ്തീൻ :
,, ടി. പി. രാമകൃഷ്ണൻ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങൾക്കെതിരെ സ്കൂൾ കുട്ടികൾക്കായുള്ള ഒരു പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഏത് ഇൻഷ്വറൻസ് കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഈ പദ്ധതിയുടെ വാർഷിക പ്രീമിയം എത്ര;

(ഡി) 2004-05 സാമ്പത്തിക വർഷത്തിൽ വാർഷിക പ്രീമിയം അടച്ചിട്ടുണ്ടോ;

(ഇ) 2003-04-ലെ എത്ര കുട്ടികൾക്ക് ഇൻഷ്വറൻസ് തുക ലഭ്യമാക്കിയിട്ടുണ്ട്; ലഭിച്ച തുക എത്ര;

(എഫ്) 2003-04-ൽ അടച്ച വാർഷിക പ്രീമിയം എത്ര;

(ജി) 2004-05 സാമ്പത്തിക വർഷം ഇതുവരെ എത്ര കുട്ടികൾക്ക് ഇൻഷ്വറൻസ് തുക ലഭിച്ചു; ആകെ എന്ത് തുകയാണ് ലഭിച്ചത്;

(എച്ച്) ഈ പദ്ധതി തുടർന്നുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) സ്റ്റുഡന്റ്സ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് എന്ന ഒരു പദ്ധതി സ്കൂൾ കുട്ടികൾക്കായി ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1989-90 അദ്ധ്യയന വർഷം ആരംഭിച്ച പദ്ധതി തുടക്കത്തിൽ താഴെ പ്പറയുന്ന 4 ഇൻഷ്വറൻസ് കമ്പനികൾ മുഖേനയാണ് നടപ്പാക്കിയിരുന്നത്.

(1) നാഷണൽ അഷ്വറൻസ് കമ്പനി.

(2) ന്യൂ ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി.

(3) യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി.

(4) ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി.

പ്രസ്തുത സ്കീം നടപ്പിലാക്കുന്നതിന് വിദ്യാർത്ഥി ഒന്നിന് 81 പൈസ നിരക്കിൽ പ്രീമിയം തുക പ്രസ്തുത കമ്പനികൾക്ക് നൽകിയിരുന്നു. എന്നാൽ കമ്പനി കൾ പ്രീമിയം തുകയിൽ വൻവർദ്ധന ആവശ്യപ്പെട്ടതിനെത്തുടർന്ന് 22-1-2003 മുതൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയായി ഇത് മാറി. വിദ്യാർത്ഥികൾക്കുണ്ടാകുന്ന അപകടങ്ങൾക്കും മാരകരോഗങ്ങൾ മൂലമുള്ള വിദ്യാർത്ഥി കളുടെ മരണത്തിനുമാണ് പദ്ധതിപ്രകാരം സാമ്പത്തികാനുകൂല്യം നൽകിവരുന്നത്.

(സി ആന്റ് ഡി) വിദ്യാഭ്യാസ വകുപ്പ് നേരിട്ട് സഹായം നൽകുന്ന ഒരു പദ്ധതിയായി നടപ്പാക്കുന്നതിനാൽ പ്രീമിയത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(ഇ) 14-8-2003 മുതൽ 13-8-2004 വരെയുള്ള കാലയളവിൽ 1092 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(എഫ്) വിദ്യാഭ്യാസ വകുപ്പ് നേരിട്ട് പദ്ധതി നടപ്പാക്കുന്നതിനാൽ പ്രീമിയ ത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. ഈ ആവശ്യത്തിനുള്ള തുക ബഡ്ജറ്റിൽ വകകൊള്ളി ക്കുകയാണ് ചെയ്യുന്നത്.

(ജി) 2004-05-ൽ ഈ പദ്ധതി പ്രകാരം 419 കുട്ടികൾക്ക് തുക നൽകിയിട്ടുണ്ട്. ഈയിനത്തിൽ 4,15,880 രൂപ ചെലവായിട്ടുണ്ട്.

(എച്ച്) ഉണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം

*6 [492] ശ്രീ. എം. കുമാരൻ :
,, കെ. പി. രാജേന്ദ്രൻ :
,, ബിനോയ് വിശ്വം :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് സംഭരിക്കുന്ന റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly